# നിങ്ങൾ ഒഴിച്ചുകൂടാവാകാത്ത ഒരാളല്ല എന്ന് അംഗീകരിക്കുക-സാക് പുന്നൻ

WFTW Malayalam 18 March 2012

www.jeevamozhikal.org

**ക്രി**സ്തുവിന്റെ സഭയിൽ ഒഴിച്ചുകൂടാനാവാത്തവരായി ആരുമില്ല. നമ്മെക്കൂടാതെയും ദൈവത്തിന്റെ വേല സുഗമമായി മുന്നോട്ടു പോകും. തങ്ങൾ ഒഴിച്ചുകൂടാത്തവരാണെന്നു കരുതുന്ന ചില ദുരഭിമാനികളുടെ സഹായത്തോടെയുള്ളതിനേക്കാൾ നന്നായി ഒരു പക്ഷേ അതു നടന്നേക്കാം. ഈ വസ്തുത നിരന്തരം ഓർക്കണം. തങ്ങൾ ഒഴിച്ചുകൂടാനാവാത്തവർ എന്നു കരുതുന്ന ചിലരെ താഴ്ത്തുവാനുള്ള ഒരു മാർഗ്ഗത്തെക്കുറിച്ചു വായിച്ചത് ഞാൻ ഓർക്കുന്നു. അത് ഇങ്ങനെയാണ്: ഒരു ബക്കറ്റ് നിറയെ വെള്ളമെടുത്ത് ആ വെള്ളത്തിലേക്ക് നിങ്ങളുടെ കൈ മുട്ടുവരെ മുക്കിയെടുക്കുക. അപ്പോൾ ഉണ്ടാകുന്ന വിടവ് എത്രയോ അത്രയും മാത്രമാണ് നിങ്ങളുടെ അസാന്നിദ്ധ്യം കൊണ്ടുണ്ടാകുന്ന വിടവ് എ ന്നു തിരിച്ചറിയുക. നമ്മുടെ വരങ്ങൾ സഭയ്ക്ക് അനുഗ്രഹമാണ്. എന്നാൽ ആരും ഒഴിച്ചുകൂടാത്തവരല്ല.

പിന്നണിയിലേക്കു പിന്മാറുവാൻ ദൈവം ആവശ്യപ്പെടുമ്പോൾ അതിനു തയ്യാറാവുക. സ്വയത്തിൽ കേന്ദ്രീകരിച്ച ഉന്നതഭാവമുള്ള ക്രിസ്തീയപ്രവർത്തകർക്ക് അത് അംഗീകരിക്കുവാൻ പ്രയാസമാണ്. അങ്ങനെയുള്ളയാൾക്ക് തന്റെ സ്ഥാനം എത്രത്തോളം പിടിച്ചുവയ്ക്കാനാകുമോ അത്രത്തോളം പിടിച്ചുവയ്ക്കാനാണ് ആഗ്രഹം. ഇന്ന് അങ്ങനെയുള്ള പല "ക്രിസ്തീയനേതാക്കന്മാരും" അവരുടെസിംഹാസനങ്ങളിൽ മുറുകെപ്പിടിച്ചു കിടന്ന് ദൈവവേലയെ തടസ്സപ്പെടുത്തുകയാണ്. തങ്ങളുടെ സ്ഥാനം മറ്റൊരാൾക്കു നൽകിക്കൊണ്ട് പിന്നണിയിലേക്കു കൃപയോടെ മാറുക എന്നതെന്താണെന്നു അവർ അറിയുന്നില്ല.

ഒരു പിൻഗാമിയില്ലാതെ നേടുന്ന വിജയം ഒരു പരാജയമാണെന്നു നിങ്ങൾ കേട്ടിട്ടുണ്ടാകാം. ഇതു തിരിച്ചറിഞ്ഞ യേശു തന്റെ വേല തുടരുവാൻ വേണ്ടി ചില ആളുകളെ പരിശീലിപ്പിച്ചു. മൂന്നര വർഷംകൊണ്ട് തന്റെ വേലയുടെ നേതൃത്വം ഏറ്റെടുക്കുവാൻ ചിലരെ അവിടുന്നു പരിശീലിപ്പിച്ചു. നമുക്കു പിന്തുടരുവാൻ പറ്റിയ എത്രനല്ല മാതൃകയാണിത്.

ദൈവവേല തുടരുന്നതിന് മറ്റുള്ളവരെ പരിശീലിപ്പിക്കേണ്ടതിന്റെ ആവശ്യം പൗലൊസ് തിരിച്ചറിഞ്ഞിരുന്നു. 2 തിമോ 2: 2 ൽ തിമോഥെയോസിനോട് പൗലൊസ് ഇങ്ങനെ പറഞ്ഞു: "അനേകം സാക്ഷികളുടെ മുമ്പാകെ നീ എന്നിൽനിന്നു കേട്ടതെല്ലാം മറ്റുള്ളവരെ പഠിപ്പിക്കുവാൻ കഴിവുള്ള വിശ്വസ്തരായ മനുഷ്യരെ ഭരമേൽപിക്കുക." പൗലൊസ് പറഞ്ഞതിതാണ്, നിന്റെ ഈ സമ്പത്ത് മറ്റുള്ളവർക്ക് കൈമാറുമെന്നു നീ ഉറപ്പുവരുത്തണം. നിന്നെക്കാൾ ചെറുപ്പക്കാരായവർ ഉയർന്നുവരുന്നത് നീ തടസ്സപ്പെടുത്തരുത്. പിൻഗാമിയില്ലാതെ നേടുന്ന വിജയം ഒരു പരാജയമാണെന്ന തത്വം പല ബിസ്സിനസ്സുകാരും തിരിച്ചറിഞ്ഞിട്ടുണ്ട്. എന്നാൽ പല ക്രിസ്തീയനേതാക്കളും ഇതു തിരിച്ചറിഞ്ഞിട്ടില്ല. ലോകത്തിന്റെ മക്കൾ വെളിച്ചത്തിന്റെ മക്കളേക്കാൾ ജ്ഞാനികളാണെന്നത് സത്യമാണ്.

സ്വയത്തിൽ കേന്ദ്രീകരിച്ച ജീവിതം ഒന്നുകൊണ്ടു മാത്രമാണ് തന്നെക്കാൾ നന്നായി കാര്യങ്ങൾ ചെയ്യുന്ന ചെറുപ്പക്കാരനായ ഒരുവനോട് അസൂയ തോന്നുന്നത്. ഹാബേലിനെ ദൈവം അംഗീകരിക്കുകയും തന്നെ നിരസിക്കുകയും ചെയ്തു എന്നതു കൊണ്ടു മാത്രമാണ് കയീന് ഹാബേലിനോട് അസൂയ ഉണ്ടായത്. ഹാബേൽ തന്നെക്കാൾ പ്രായക്കൂടുതൽ ഉള്ളവനായിരുന്നെങ്കിൽ അവൻ ഒരു പക്ഷേ അതു സഹിക്കുമായിരുന്നു. എന്നാൽ തന്റെ ഇളയ സഹോദരൻ തന്നെക്കാൾ ശ്രേഷ്ഠനാകുന്നത് അവനു സഹിക്കാൻ കഴിഞ്ഞില്ല. അതിനാൽ ഹാബേലിനെ കൊന്നുകളയുവാൻ തക്കവണ്ണം അവൻ കോപാകുലനായി.

ഇതേപോലെതന്നെയാണ് ജോസഫിന്റെയും അവന്റെ സഹോദരന്മാരുടെയും കാര്യത്തിൽ സംഭവിച്ചതും. ജോസഫിനു ദൈവികവെളിപ്പാടുകൾ ലഭിച്ചു. ഇത് അവന്റെ മൂത്ത സഹോദരന്മാരായ പത്തു പേർക്കും അവനോട് അസൂയ തോന്നുവാൻ ഇടയാക്കി. അവനെ കൊല്ലുവാൻ പോലും തോന്നുംവണ്ണമുള്ള അസൂയ.

ശൗൽരാജാവിനു ചെറുപ്പക്കാരനായ ദാവീദിനോട് അസൂയ തോന്നി. കാരണം സ്ത്രീകൾ ഇങ്ങനെ പാടി: "ശൗൽ ആയിരത്തെ കൊന്നു, ദാവീദ് പതിനായിരത്തെ കൊന്നു." അന്നു മുതൽ ദാവീദിനെ കൊന്നു

കളവാൻ ശൗൽ ആഗ്രഹിച്ചു. മനുഷ്യചരിത്രത്തിൽ അല്ലെങ്കിൽ ക്രിസ്തീയസഭയുടെ ചരിത്രത്തിൽത്തന്നെയും ഇതേ കാര്യം വീണ്ടും വീണ്ടും ആവർത്തിച്ചുകൊണ്ടിരിക്കുന്നു.

അതുപോലെതന്നെ ചെറുപ്പക്കാരനായ നസ്രേത്തിലെ യേശുവിന്റെ ജനസമ്മതിയിൽ പ്രായമുള്ള പരീശന്മാർക്ക് അസൂയ തോന്നുകയും അത് യേശുവിനെ ക്രൂശിക്കുന്ന ഇടം വരെയെത്തുകയും ചെയ്തു.

മറുവശത്ത് പുതിയനിയമത്തിൽ ബർന്നബാസ് എന്ന മനുഷ്യനിൽ ഒരു ഉണർവ്വ് തോന്നുന്ന വ്യത്യാസം നാം കാണുന്നു. പുതിയതായി മാനസാന്തരപ്പെട്ട പൗലൊസിനെ ആരും കൂടെ കൂട്ടാതിരുന്നപ്പോൾ തന്റെ സംരക്ഷണയിൽ പൗലൊസിനെ സ്വീകരിച്ചവനാണ് അയാൾ. ബർന്നബാസ് അവനെ അന്ത്യോക്യയിലെ സഭയിലേക്കു കൂട്ടിക്കൊണ്ടുവന്ന് ഉത്സാഹിപ്പിച്ചു. അ.പ്രവ 13-ാം അദ്ധ്യായത്തിൽ ബർന്നബാസും പൗലൊസും സുവിശേഷവേലയ്ക്കായി യാത്ര തിരിക്കുന്നു എന്നു നാം വായിക്കുന്നു. പിന്നീട് തന്റെ ഇളയ സഹപ്രവർത്തകനെയാണ് ദൈവം വലിയ ശുശ്രൂഷയ്ക്കായി വിളിച്ചിരിക്കുന്നതെന്നു മനസ്സിലാക്കിയപ്പോൾ അവൻ സ്വമനസ്സാലെ പിന്നണിയിലേക്കു പതുക്കെ പിന്മാറി. പ്രവൃത്തികളുടെ പുസ്തകത്തിൽ ”ബർന്നബാസും പൗലൊസും” എന്ന പ്രയോഗം ആരും ശ്രദ്ധിക്കാതെവണ്ണം ''പൗലൊസും ബർന്നബാസും” എന്നായി മാറുന്നു. മറ്റുള്ളവർക്കു ബഹുമാനം ലഭിക്കുവാൻ സ്വയം പിന്നോട്ടു മാറുന്ന ബർന്നബാസിനെപ്പോലെയുള്ളവർ കുറഞ്ഞിരിക്കുന്നു എന്നതാണ് ക്രിസ്തീയ സഭകൾ ഇന്നു അനുഭവിക്കുന്ന ബുദ്ധിമുട്ട്. അത്ര പ്രാധാന്യമില്ലാത്ത കാര്യത്തിൽ പുറകോട്ടു മാറാൻ നാം തയ്യാറാണ്. ഒരു വാതിലിൽകൂടി കടക്കുമ്പോൾ മറ്റൊരാളെ ആദ്യം കടത്തിവിടുന്നതിൽ നമുക്കു വലിയ പ്രശ്നമില്ല. എന്നാൽ ക്രിസ്തീയസഭയിലെ സ്ഥാനമോ നേതൃത്വമോ ഒക്കെ വരുമ്പോൾ ഇങ്ങനെ പിന്മാറിക്കൊടുക്കുവാൻ നാം തയ്യാറല്ല. അത്രമാത്രം ചതി നിറഞ്ഞതാണ് നമ്മുടെ സ്വയജീവിതം. വലിയ പ്രാധാന്യമില്ലാത്ത കാര്യങ്ങൾ വിട്ടുകൊടുത്തുകൊണ്ട് ഒരു വ്യാജമായ താഴ്മ നമുക്കുണ്ടാകാം. എന്നാൽ പ്രധാനപ്പെട്ട കാര്യങ്ങളിൽ നാം എങ്ങനെയുള്ളവരാണെന്നാണ് നാം തന്നെ കാണേണ്ടത്.

മൊഴിമാറ്റം: സാജു ജോസഫ്